

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: **dopkd.ksad@kerala.gov.in**
ഫോൺ : **0491-2520145**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.കെ.ഡി.പി18-71/2026

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 03/02/2026
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) ജോയ്ിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.കെ.ഡി.പി18-71/2026 തീയ്യതി: 03/02/2026

പാലക്കാട് ജില്ലയിലെ നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 07-11-2024 മുതൽ 04-01-2026 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 14-01-2026 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
സാബു.പി	ഡെപ്യൂട്ടി ഡയറക്ടർ	05-01-2026	14-01-2026

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
05-01-2026	14-01-2026

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.രാജൻ.കെ - ഓഡിറ്റ് ഓഫീസർ
ശ്രീമതി രാജേശ്വരി.സി - സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.രഞ്ജിത്.ആർ - സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.സജിത്.എസ് - ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.പ്രിൻസ് ജോസഫ്	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീ.കിൻസ്ബോയ്.ടി	സെക്രട്ടറി	01-04-2024	30-10-2024
ശ്രീ.രമേഷ്.ജി.	സെക്രട്ടറി-ഇൻ-ചാർജ്ജ്	01-11-2024	07-01-2025
ശ്രീ.ജയപ്രകാശ്.ആർ.	സെക്രട്ടറി	08-01-2025	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ഡോ.ആനന്ദ്.ടി.ജി.	മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി	01-04-2024	06-08-2024
ഡോ.ലക്ഷ്മി.പി.	മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി	07-08-2024	26-03-2025
ഡോ.ജിനേഷ്മോൻ ചാണ്ടി	മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി	27-03-2025	31-03-2025
ഡോ.ഗീതാഞ്ജലി രാമചന്ദ്രൻ	വെറ്ററിനറി സർജൻ	01-04-2024	31-03-2025
ശ്രീ.അനൂപ്.കെ.എം.	അസിസ്റ്റന്റ് എഞ്ചിനിയർ	01-04-2024	31-03-2025
ശ്രീ.സജീവ്.ജി.	അസിസ്റ്റന്റ് സെക്രട്ടറി	01-04-2024	08-10-2024
ശ്രീ.കിരൺകുമാർ.ടി.ബി.	അക്കൌണ്ടന്റ്(അസിസ്റ്റന്റ് സെക്രട്ടറി-ചാർജ്)	09-10-2024	28-10-2024
ശ്രീ.രമേഷ്.ജി.	അസിസ്റ്റന്റ് സെക്രട്ടറി	29-10-2024	07-01-2025
ശ്രീ.പ്രദീപ്.പി.	അസിസ്റ്റന്റ് സെക്രട്ടറി	08-01-2025	31-03-2025
ഡോ.രാഗേഷ്.ആർ	മെഡിക്കൽ ഓഫീസർ, ആയുർവേദം	01-04-2024	20-04-2024
ഡോ.ജെനിൻ ജോസഫ്	മെഡിക്കൽ ഓഫീസർ, ആയുർവേദം	21-04-2024	01-09-2024
ഡോ.ജിബി ജോർജ്	മെഡിക്കൽ ഓഫീസർ, ആയുർവേദം	02-09-2024	31-03-2025
ശ്രീ.രാഹുൽ.സി.	വി.ഇ.ഒ.	01-04-2024	31-03-2025

ശ്രീ.ഫാസിൽ.പി.എ.	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2024	31-03-2025
ശ്രീ.മുഹമ്മദ്കുട്ടി	ഹെഡ് മാസ്റ്റർ	01-04-2024	12-06-2024
ശ്രീ.ശ്രീജിത്ത്.ആർ	ഹെഡ് മാസ്റ്റർ(ഇൻ ചാർജ്)	13-06-2024	16-01-2025
ശ്രീ.കെ.പരമേശ്വരൻ	ഹെഡ് മാസ്റ്റർ	17-01-2025	31-03-2025
ഡോ.ശ്രീവിലാസ്.കെ.	മെഡിക്കൽ ഓഫീസർ, ഹോമിയോ	01-04-2024	31-03-2025
ശ്രീമതി.ഡെസ്റ്റിമ.എസ്.	ഓവർസിയർ(MNREGS)	01-04-2024	31-01-2025
VACANT	ഓവർസിയർ(MNREGS)	01-02-2025	03-02-2025
ശ്രീ.മനോജ്കുമാർ.കെ.	ഓവർസിയർ(MNREGS)	04-02-2025	31-03-2025
ശ്രീമതി.പ്രീത.കെ	ഐ.സി.ഡി.എസ്.സൂപ്പർവൈസർ	01-04-2024	31-03-2025

,

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സാക്ഷ്യപത്രം	1-1
2	കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം താഴെപ്പറയുന്നവ വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല	1-1-1
3	ധനകാര്യകമ്മീഷൻ ഗ്രാന്റ്- ചെലവ് പൊരുത്തപ്പെടുന്നില്ല	1-1-2
4	MGNREGS -വരുവ് ചെലവുകൾ - വാർഷികകണക്കും രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല	1-1-3
5	ബജറ്റ്	1-2
6	സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)	1-3
7	ഫണ്ട് വിനിയോഗം	1-4
8	പദ്ധതി അവലോകനം	1-5
9	തൊഴിലുറപ്പ് പദ്ധതി	1-6
10	ക്ഷേമ പദ്ധതികൾ	1-7
11	ക്യാഷ് പരിശോധന	1-8
12	ആഭ്യന്തര നിയന്ത്രണം	1-9
13	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
14	വിവിധ എസ്റ്റേറ്റിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.	1-11
15	ചെക്ക് നിക്ഷേപിച്ചത് നാളിതുവരെ പണമായി മാറിയിട്ടില്ല	1-12
16	2025 ഏപ്രിൽ മുതൽ നാളിതുവരെയുള്ള പ്രതിമാസ റീകൺസിലേഷൻ നടത്തിയിട്ടില്ല	1-13
17	പഞ്ചായത്ത് പരിധിയിൽ അനധികൃത കെട്ടിടങ്ങൾ പ്രവർത്തിക്കുന്നു.	1-14
18	ടെലിഫോൺ ടവറുകൾ അനധികൃതമായി പ്രവർത്തിക്കുന്നു.	1-15
19	വാടകക്കാരിൽ നിന്നും കരാർ ചമച്ചതിൽ സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ സർക്കാരിന് നഷ്ടം	1-16
20	"അഗ്രി ഹോർട്ടി ടൂറിസം ഫെസ്റ്റ്- NATOURA 2025" മേളയിൽ നിന്നും വിനോദ നികുതി ഈടാക്കുന്നില്ല.	1-17
21	യോഗമിനുട്സുകൾ സമയബന്ധിതമായി പൂർത്തിയാക്കിയിട്ടില്ല	1-18
22	ഇ-ടെണ്ടറിലൂടെ ലഭ്യമായ തുക തനത് ഫണ്ടിലേക്ക് കൈമാറിയിട്ടില്ല	1-19
23	ലൈഫ് മിഷൻ എസ്.ടി-ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സോഷ്യൽ അഡ്വാൻസ്മെന്റിൽ നിന്നും തിരികെ ലഭിച്ച തുക സർക്കാരിലേക്ക് അടവാക്കിയിട്ടില്ല	1-20
24	ഹരിതമിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം- പദ്ധതി ലക്ഷ്യം കൈവരിച്ചില്ല	1-21
25	എസ്.എസ്.കെ വിഹിതം- വിനിയോഗ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല	1-22
26	സ്കൂൾ കുട്ടികൾക്ക് പ്രഭാതഭക്ഷണം- ടെണ്ടർ നടപടികൾ സ്വീകരിച്ചില്ല	1-23

27	വനിതകൾക്ക് മെൻസ്ട്രുവൽ കപ്പ്- വിതരണം പൂർത്തീകരിച്ചില്ല	1-24
28	തെരുവു വിളക്കുകൾ പൂർണമായും മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല	1-25
29	മരാമത്ത് പ്രവൃത്തികൾ - പൊതു അവലോകനം	1-26
30	അസിസ്റ്റന്റ് എഞ്ചിനിയർ പദ്ധതി നിർവ്വഹണം- എഗ്രിമെന്റ് ചമയ്ക്കുന്നതിൽ കാലതാമസം -ഫൈൻ ഈടാക്കിയില്ല	1-27
31	പ്രവർത്തി പൂർത്തീകരണം - സമയം ദീർഘിപ്പിച്ച് നൽകിയതിന് ഫൈൻ ഈടാക്കിയിട്ടില്ല.	1-28
32	തൊഴിലുറപ്പ് പദ്ധതി മുഖേന നടപ്പാത നിർമ്മാണം - അധികം അനുവദിച്ച ₹1,86,191 ഓഡിറ്റിൽ നിരാകരിക്കുന്നു	1-29
33	ഓഡിറ്റ് ഇംപാക്ട് - ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് 2856/- രൂപ തിരികെ ഈടാക്കി	1-30
34	ജൽജീവൻ മിഷൻ പദ്ധതി അവലോകനം	1-31
35	ഹെൽത്ത് ഗ്രാന്റ് വിനിയോഗം- അവലോകനം	1-32
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
1	തൊഴിലുറപ്പ് പദ്ധതി മുഖേന നടപ്പാത നിർമ്മാണം - അധികം അനുവദിച്ച ₹1,86,191 ഓഡിറ്റിൽ നിരാകരിക്കുന്നു	3-1
ഭാഗം 4		
1	മെഡിസെപ്പ് പ്രീമിയം - ഒടുക്ക് സംബന്ധിച്ച പരിശോധന	4-1
2	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-2
3	സംയുക്തപദ്ധതികൾക്കായുള്ള ഫണ്ട് വിനിയോഗം	4-3
4	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം	4-4
5	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്	4-5
6	വായ്പ/വായ്പ തിരിച്ചടവ്	4-6
7	സ്ഥിരനിക്ഷേപം	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	സമാഹൃതഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം	4-9
10	ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-12
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	വാർഷിക കണക്കുകൾ സംഗ്രഹം	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സാക്ഷ്യപത്രം

നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 27.06.2025 തീയതിയിലെ തീരുമാനം നം.5/1 പ്രകാരം അംഗീകരിച്ച് 03.09.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: പാലക്കാട്,
തീയതി: 03.02.2026

ഡെപ്യൂട്ടി ഡയറക്ടർ

1-1-1 കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം താഴെപ്പറയുന്നവ വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല

എ) ചട്ടം 62 ഇ – അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ – പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ തുടങ്ങിയവ

ബി) ചട്ടം 62 എഫ് – അടിസ്ഥാന അനുപാതങ്ങൾ

1-1-2 ധനകാര്യകമ്മീഷൻ ഗ്രാന്റ്- ചെലവ് പൊരുത്തപ്പെടുന്നില്ല

CFC –വാർഷികകണക്ക്, സുലേഖ ചെലവ് പത്രിക എന്നിവയിലെ ചെലവ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല. (ഓഡിറ്റ് അന്വേഷണം നം.25/13-01-2026)

ചെലവ്	CFC-BASIC	CFC TIED	Performance Grant	ആകെ ചെലവ്
AFS പ്രകാരം	7793231	6647910	664869	15106010
ACR പ്രകാരം	7779520	6647910		14427430
സുലേഖ ചെലവ് പത്രിക പ്രകാരം				15181836

1-1-3 MGNREGS -വരുവ് ചെലവുകൾ - വാർഷികകണക്കും രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

MGNREGS വരവു ചെലവുകൾ കാഷ് ബുക്കിലേയും വാർഷികകണക്കിലേയും തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു. (ഓഡിറ്റ് അന്വേഷണം നം.25/13-01-2026)

	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
AFS	1229	9029656	9030885	9029362	1523
ക്യാഷ് ബുക്ക് പ്രകാരം	1229	9107625	9108854	9107331	1523

1-2 ബജറ്റ്

13.02.2024 തിയ്യതിയിലെ തീരുമാനം 1(1) പ്രകാരം 2024-25 വർഷത്തെ ബജറ്റ് അംഗീകരിച്ചു. 15.03.2025 തിയ്യതിയിലെ ഭരണസമിതി തീരുമാനം 4(1) പ്രകാരം പരിഷ്കരിച്ച ബജറ്റിലെ വിവരം ചുവടെ ചേർക്കുന്നു.

ഇനം	ബജറ്റ് പ്രകാരം തുക
മുന്നിരിപ്പ്	-6428528
വരവ്	184962000
ആകെ	178533472
ചെലവ്	177265000
നീക്കിയിരിപ്പ്	1268472

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

മുന്നിരിപ്പ്	73144598
വരവ്	54984753
ആകെ	128129351
ചെലവ്	27501841
നീക്കിയിരിപ്പ്	100627510

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുൻ ബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്/ ലാപ്സായ തുക
വികസനഫണ്ട് -ജനറൽ	0	62156321	62156321	36532080	25624241
വികസനഫണ്ട് - എസ്.സി.പി	0	9529539	9529539	1235000	8294539
വികസനഫണ്ട് - ടി.എസ്.പി	0	2015000	2015000	1500000	515000
മെയ്ന്റനൻസ് ഗ്രാന്റ് റോഡ്	0	791000	791000	0	791000
മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ്	0	2423000	2423000	911939	1511061
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്)	24614152	13445920	38060072	7793231	30266841

സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്)	30411844	24747500	55159344	6647910	48511434
സെൻട്രൽ പെർഫോമൻസ് ഗ്രാന്റ്	0	664869	664869	664869	0

***കുറിപ്പുകൾ**

CFC –ചെലവ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല

ചെലവ്	CFC-BASIC	CFC TIED	Performance Grant	ആകെ ചെലവ്
AFS പ്രകാരം	7793231	6647910	664869	15106010
ACR പ്രകാരം	7779520	6647910		14427430
സുലേഖ ചെലവ് പത്രിക പ്രകാരം				15181836

എ) കേന്ദ്രാവിഷ്കൃതം

	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ICDS	4249167	562,399.00	4811566	0	4811566
ഹെൽത്ത് ഗ്രാന്റ് (Conversion Of PHC & Subcenters In To Health And Wellness Centres)	212802	388041	600843	264965	335878
ഹെൽത്ത് ഗ്രാന്റ് (Diagnostic InfraStructure To The PHCs)	711283	237327	948610	55328	893282
ഹെൽത്ത് ഗ്രാന്റ് (Buildingless Subcentres)	3614222	122562	3736784	0	3736784

ബി) തൊഴിലുറപ്പു പദ്ധതി

MGNREGS കാഷ് ബുക്കും വാർഷികകണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല

	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
AFS	1229	9029656	9030885	9029362	1523
കാഷ് ബുക്ക് പ്രകാരം	1229	9107625	9108854	9107331	1523

സി) പ്രത്യേക ഉദ്ദേശ്യഗ്രാന്റ്

ഫണ്ടിനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
Suchithwa Mission Grant	287158	9733	296891	0	296891
Flood Relief Grant	0	133900	133900	133900	0
Grant For Solid Waste Management	1200000	0	1200000	0	1200000
State Sponsored Scheme Funds - Other Purposes	49,879	0	49,879	0	49,879
AgenciesOther Government	361,444	0	361,444	0	361,444
Other Grants, Funds & Contributions For Specific Purposes - Capital	181,549	0	181,549	0	181,549

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
153	130008237	84	56241148	54.90

വിവിധ നിർവഹണ ഉദ്യോഗസ്ഥർ അംഗീകാരം ലഭ്യമാക്കിയ പ്രോജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥർ	പദ്ധതികളുടെ എണ്ണം	നടപ്പാക്കിയത്	ആകെ അടങ്കൽ തുക	ചെലവഴിച്ച തുക	ചെലവ് %

വെറ്ററിനറി സർജ്ജൻ	8	3	9470520	158294	1.67
മെഡിക്കൽ ഓഫീസർ-PHC	11	11	2961882	1762694	59.51
മെഡിക്കൽ ഓഫീസർ-ആയുർവേദം	2	2	350000	306933	87.69
മെഡിക്കൽ ഓഫീസർ-ഹോമിയോ	1	1	20000	16385	81.92
വി.ഇ.ഒ	14	8	50383500	33170312	65.83
ഐ.സി.ഡി.എസ്. സൂപ്പർവൈസർ	13	5	4556181	1279610	28.08
ഡയറി ഫാം ഇൻസ്ട്രക്ടർ	2	2	1100000	503250	45.75
സെക്രട്ടറി	20	9	11678578	3532933	30.25
അസി.സെക്രട്ടറി	17	9	5357839	892274	16.65
അസിസ്റ്റന്റ് എഞ്ചിനിയർ	60	29	42316261	13586890	32.10
ഹെഡ് മാസ്റ്റർ	5	5	1813476	1031573	56.88
ആകെ	153	84	130008237	56241148	43.25

അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

1-6 തൊഴിലുറപ്പ് പദ്ധതി

MGNREGS കാഷ് ബുക്കും വാർഷികകണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല

	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
AFS	1229	9029656	9030885	9029362	1523
കാഷ്ബുക്ക് പ്രകാരം	1229	9107625	9108854	9107331	1523

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
വിധവാ പെൻഷൻ	3945000	258
വാർദ്ധക്യകാല പെൻഷൻ	8555200	568
വികലാംഗ പെൻഷൻ	903400	60
50 വയസ്സിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ	16000	1

1-8 ക്യാഷ് പരിശോധന

നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05/01/25 തീയതിയിൽ 03.00 PMന് അക്കൗണ്ടന്റിന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത ദിവസം തുക ഒന്നും വരവില്ല.

1-9 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഓർഡർ പ്രകാരം വിവിധ സെക്ഷനുകൾക്ക് ഉത്തരവാദിത്തങ്ങൾ നിർണ്ണയിച്ചു നൽകിയിട്ടുണ്ട്. ബജറ്റ് നടപടിക്രമങ്ങളിൽ വേണ്ടത്ര കാര്യക്ഷമത പുലർത്തുന്നില്ലെന്നും നികുതി, നികുതിയേതര വരുമാനം കുറവുള്ള പഞ്ചായത്തിൽ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള കാര്യക്ഷമമായ ഇടപെടൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ലെന്നും രേഖകളുടെ പരിശോധനയിൽ ബോധ്യപ്പെട്ടു.
കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കയ്മാറിക്കുന്നതിനുള്ള ശ്രമം നടത്താത്തത് ഗ്രാമപഞ്ചായത്തിന് ബാധ്യത സൃഷ്ടിക്കുന്നുണ്ട്. തെരുവു വിളക്കുകളുടെ കണക്ക് സൂക്ഷിക്കാത്തത് പരിഹരിക്കുന്നതിനുള്ള ശ്രമവും ഉണ്ടായിട്ടില്ല.
പ്രത്യേക ഉദ്ദേശ്യത്തോടെ ലഭ്യമായ ഫണ്ടുകളിൽ ബാക്കിയുള്ള തുകകൾ മറ്റ് ആവശ്യങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്. സകർമ്മ ആപ്ലിക്കേഷൻ മുഖേനയുള്ള ഭരണസമിതിയോഗങ്ങളുടെ നടപടിക്രമങ്ങൾ പരിശോധിച്ചതിൽ മിനിട്ട്സ് പൂർത്തീകരിക്കുന്നതിൽ 1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം ചട്ടങ്ങളിലെ) ചട്ടം 26 പ്രകാരമുള്ള സമയപരിധി പാലിക്കുന്നില്ല. ചട്ടം 26(8) പ്രകാരം യോഗം കഴിഞ്ഞ് മൂന്നുദിവസത്തിനകം സെക്രട്ടറി മിനിട്ട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്. നിർവഹണ ഉദ്യോഗസ്ഥർ പദ്ധതികൾ നടപ്പിലാക്കുമ്പോൾ പദ്ധതി/സബ്സിഡി മാർഗ്ഗരേഖ നിബന്ധനകൾ കർശനമായി പാലിക്കേണ്ടതാണ്.

ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തുന്നതിനുള്ള ശ്രമം മേൽ നോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.
2022-23 വർഷം മുതൽ ILGMS സംവിധാനത്തിലൂടെ ഫയലുകൾ കൈകാര്യം ചെയ്യുവാൻ ആരംഭിച്ചിട്ടുണ്ട്. സെക്ഷനുകൾ വിവിധ ജോലികൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നുണ്ടെന്ന് നിരീക്ഷിക്കുവാൻ ഉന്നതാധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.
ടേക്ക് എ ബ്രേക്ക് നടപ്പിലാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടില്ല. ഇക്കാര്യത്തിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.
തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ പൊതുലക്ഷ്യവും മുൻഗണനകളും എന്നതിൽ വിനോദ സഞ്ചാര സാധ്യതകൾ പ്രയോജനപ്പെടുത്തി വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ മാർഗ്ഗരേഖയിൽ (സ.ഉ(കൈ)നം.84/2022,തീയതി-19-04-22) ഖണ്ഡിക 8.15 (3) ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. അതനുസരിച്ച് ടൂറിസം വികസന സാധ്യതയുള്ള പ്രദേശം കണ്ടെത്തി, പ്രാദേശിക സാമ്പത്തിക വികസനത്തിനായി ടൂറിസം വകുപ്പ് പ്രഖ്യാപിച്ചിട്ടുള്ള ഡെസ്റ്റിനേഷൻ ചലഞ്ച്, ഉത്തരവാദ ടൂറിസം ഉൾപ്പെടെയുള്ള പരിപാടികളുമായി സഹകരിച്ച് പ്രൊജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്. ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രകൃതി രമണീയമായ കേന്ദ്രങ്ങളെ വികസിപ്പിച്ച് വിനോദസഞ്ചാര സൗകര്യങ്ങൾ ഒരുക്കുന്നതിന് സാധ്യതാ പഠനങ്ങൾ നടത്തി ആയതിന്റെ അടിസ്ഥാനത്തിൽ ഡി.പി.ആർ. തയ്യാറാക്കി പ്രോജക്ട് ഏറ്റെടുക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

4/2013 ൽ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2008-09 മുതൽ 2012-13 വരെയുള്ള വർഷങ്ങളിലെ കണക്കുകൾ ആണ് പരിശോധിച്ചിട്ടുള്ളത്. ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ ഒന്നുമില്ല. പെർഫോമൻസ് ഓഡിറ്റ് 12/22 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. തുടർന്ന് പെർഫോമൻസ് ഓഡിറ്റ് നടന്നിട്ടില്ല.

1-11 വിവിധ എസ്റ്റേറ്റിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതിയും, സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതിയും ചുമത്തേണ്ടതാകുന്നു.
തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ 2023-24 സാമ്പത്തിക വർഷം തോഴിൽ നികുതി ഈടാക്കുകയും, എന്നാൽ 2024-25 സാമ്പത്തിക വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ലാത്തതുമായ സ്ഥാപനങ്ങൾ താഴെ ചേർക്കുന്നു.

. Alexandria Estate

. Karappara Estate

. Zenath Estate Wild Habitat Villa

. Zeenath Estate Hill Valley

ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കാൻ

ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.03/05.01.2026) മറുപടിയിൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-12 ചെക്ക് നിക്ഷേപിച്ചത് നാളിതുവരെ പണമായി മാറിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടുകൾ മുഖേനയുള്ള പണമിടപാടുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു

1. ചെക്ക് നിക്ഷേപിച്ചത് നാളിതുവരെ പണമായി മാറിയിട്ടില്ല

ഗ്രാമപഞ്ചായത്ത് തനത് ഫണ്ട് സൂക്ഷിക്കുന്നതിനായി പരിപാലിക്കുന്ന CANARA BANK-OWN FUND, PADAGIRI (അക്കൗണ്ട് നം.44512200023440) 2025 മാർച്ച് മാസത്തെ റിക്കൺസിലിയേഷൻ പത്രിക പരിശോധിച്ചപ്പോൾ ചുവടെ ചേർക്കുന്ന ചെക്കുകൾ നാളിതുവരെ പണമായി ബാങ്കിൽ ക്രഡിറ്റ് ആയിട്ടില്ല എന്ന് കണ്ടു.

ക്രമ നം.	വൗച്ചർ നം./ തീയതി	ചെക്ക് നം./തീയതി	തുക(₹)
1	121080900001/30-03-2022	ചെക്ക് നമ്പർ രേഖപ്പെടുത്തിയിട്ടില്ല തീയതി 30-03-2022	25731

2.ചെക്ക് ഇഷ്യുചെയ്തത് നാളിതുവരെ പണമായി മാറിയിട്ടില്ല

ഗ്രാമപഞ്ചായത്ത് ഫണ്ട് സൂക്ഷിക്കുന്നതിനായി പരിപാലിക്കുന്ന HDFC Tharekkad, Palakkad (അക്കൗണ്ട് നം. 50100393134000) 2025 മാർച്ച് മാസത്തെ റിക്കൺസിലിയേഷൻ പത്രിക പരിശോധിച്ചപ്പോൾ ചുവടെ ചേർക്കുന്ന ചെക്കുകൾ നാളിതുവരെ പണമായി മാറി അക്കൌണ്ടിൽ ക്രെഡിറ്റ് ആയിട്ടില്ല എന്ന് കണ്ടു.

ക്രമ നം.	വൗച്ചർ നം./ തീയതി	ചെക്ക് നം./ തീയതി	തുക (₹)
1	22400427/10.12.2024	000023/02.12.2024	25322
2	22400424/04-12-2024	000023/02.12.2024	25322
3	22400426/10-12-2024	000023/02.12.2024	30174

ബാങ്കുമായി ബന്ധപ്പെട്ട് മേൽ പരാമർശിച്ച ചെക്കുകളിൽ തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻകയറി നമ്പർ 5 തീയതി 07.01.2026, മറുപടി ലഭ്യമാക്കിയിട്ടില്ല)

1-13 2025 ഏപ്രിൽ മുതൽ നാളിതുവരെയുള്ള പ്രതിമാസ റീകൺസിലേഷൻ നടത്തിയിട്ടില്ല

കേരള സർക്കാർ തദ്ദേശ സ്വയം ഭരണ (ആർ.ഡി) വകുപ്പിന്റെ 28/3/2011 തീയതിയിലെ ജി.ഓ.(എം.എസ്)83/11/എൽ.എസ്.ജി.ഡി നമ്പർ വിജ്ഞാപനത്തിലെ അക്കൗണ്ടിങ്ങ് ചട്ടം 57പ്രകാരം ബാങ്ക് ബുക്കുകളിലെ നീക്കിയിരിപ്പുകൾ ഓരോ മാസത്തിന്റെയും അവസാനം ലഭിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ട് ബാലൻസ് സ്റ്റേറ്റ്മെന്റുകളിലെ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുത്തേണ്ടതാണ്. പൊരുത്തപ്പെടുത്തൽ പ്രക്രിയ പൂർത്തിയായി കഴിഞ്ഞാൽ അടുത്ത അഞ്ചാം

തീയതിക്കകം അക്കൗണ്ടന്റ് പൊരുത്തപ്പെടുത്തൽ പത്രിക തയ്യാറാക്കേണ്ടതാണ്. ടി പത്രിക സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ ബാങ്ക് അക്കൗണ്ടുകളുടെ 2025 ഏപ്രിൽ മുതൽ നാളിതുവരെയുള്ള റീകൺസിലിയേഷൻ പൂർത്തീകരിച്ചിട്ടില്ല. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻകയറിക്ക് (നമ്പർ 17 /12.01.2026) മറുപടിയായി പഞ്ചായത്തിന്റെ തനത് ഫണ്ടിന്റെ റീകൺസിലിയേഷൻ കെ-സ്മാർട്ട് ലെ സാങ്കേതിക തടസം കാരണം ചെയ്യാൻ സാധിച്ചില്ല എന്നും ഇതു പരിഹരിക്കുവാൻ ഐ. കെ. എം നെ കത്തിലൂടെ അറിയിച്ചിട്ടുണ്ട് എന്നും അറിയിച്ചു. മറ്റു ബാങ്കുകളുടെ ട്രാൻസാക്ഷൻ കെ-സ്മാർട്ടിൽ വന്നിട്ടില്ലാത്തതിനാൽ റീകൺസിലിയേഷൻ ചെയ്തിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട് .
തദ്ദേശസ്വയംഭരണ വകുപ്പിന്റെ 10.04.2025 തിയ്യതിയിലെ സർക്കാർ ഉത്തരവ് കൈ നം.66/2025/എൽ എസ് ജി ഡി. അടിസ്ഥാനത്തിൽ സംസ്ഥാനത്തെ മുഴുവൻ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളും K- Smart Software Implement ചെയ്തിട്ടുണ്ട്. പ്രതിമാസ റീകൺസിലിയേഷൻ നടത്തുന്നതിനുള്ള സജ്ജീകരണം K- Smart സോഫ്റ്റ് വെയറിൽ ലഭ്യമായിട്ടും റീകൺസിലിയേഷൻ ചെയ്യാതിരിക്കുന്നത് ശരിയായ നടപടിയല്ല. റീകൺസിലിയേഷൻ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

1-14 പഞ്ചായത്ത് പരിധിയിൽ അനധികൃത കെട്ടിടങ്ങൾ പ്രവർത്തിക്കുന്നു.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 235ഡബ്ല്യു പ്രകാരം നിയമവിരുദ്ധമായി ആരംഭിച്ചതോ നടത്തിക്കൊണ്ടിരിക്കുന്നതോ പൂർത്തീകരിച്ചതോ ആയ കെട്ടിടം പൊളിച്ചുകളയുന്നതിനോ മാറ്റം വരുത്തുന്നതിനോ സെക്രട്ടറിയ്ക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. വകുപ്പ് 235എഎ(1) പ്രകാരം നിയമാനുസൃതമല്ലാത്ത കെട്ടിടം നിർമ്മാണം പൂർത്തിയാക്കുകയോ 203(2) പറയുന്ന പ്രകാരമുള്ള ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ചെയ്താൽ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ കെട്ടിടം പൊളിച്ചു മാറ്റുകയോ, ക്രമവൽക്കരിക്കുകയോ ചെയ്യുന്ന തീയതി വരെ കെട്ടിടം നിയമാനുസൃതം നിർമ്മിച്ചതാണെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർത്തുള്ള തുക ഈടാക്കാവുന്നതാണ്.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് 'യു എ.' കെട്ടിട നമ്പർ അനുവദിക്കേണ്ടതാണെന്നും ഇപ്രകാരം കെട്ടിട നമ്പർ അനുവദിക്കുന്നത് കേരള പഞ്ചായത്ത് രാജ് നിയമം 235എഎ വകുപ്പ് പ്രകാരം വസ്തുനികുതി നിർണ്ണയിക്കുന്നതിനുവേണ്ടി മാത്രം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണെന്നും എന്നാൽ കെട്ടിടത്തിന്റെ ഉടമസ്ഥനെതിരെ 235 ഡബ്ല്യു വകുപ്പ് പ്രകാരമുള്ള നടപടിയെടുക്കുന്നതിന് ഇത് തടസ്സമല്ലാത്തതും കെട്ടിടം പൊളിച്ചു മാറ്റുന്നതുവരെ ഇപ്രകാരം വസ്തുനികുതി ഈടാക്കാവുന്നതുമാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള ചുവടെ കൊടുത്തിരിക്കുന്ന കെട്ടിടങ്ങളുടെ വിവരം അനധികൃത നിർമ്മാണം സംബന്ധിച്ച രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ അവ ക്രമവത്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

യു.എ നമ്പർ അനുവദിക്കാത്ത കെട്ടിടങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

ക്രമ നം.	വാർഡ്	കെട്ടിടത്തിന്റെ പേര്
1	1	കോഫി വാലി റിസോർട്ട് , തമ്പുരാൻ കാട്
2	5	ടിനി ഹോട്ടൽ, പുലയൻപാറ
3	11	മൂൺലൈറ്റ് റിസോർട്ട്, പാടഗിരി
4	11	ക്രിസ്ത്യൻ ഹോം സ്റ്റേ, പാടഗിരി
5	11	സത്യൻ മാഷ് ബിൽഡിംഗ്, പാടഗിരി

മേൽ അനധികൃത നിർമ്മാണത്തിനെതിരെ സ്വീകരിച്ച നടപടികൾ അറിയിക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 16/12.01.2026) മറുപടിയായി വസ്തുനികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. മേൽ പറഞ്ഞ അനധികൃത കെട്ടിടങ്ങളിൽ നിന്നും വസ്തുനികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ ഫീൽഡ് പരിശോധന നടത്തി മറ്റ് അനധികൃത കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നില്ല എന്നുറപ്പു വരുത്തേണ്ടതും പ്രവർത്തിക്കുന്നുണ്ടെങ്കിൽ ക്രമവത്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-15 ടെലിഫോൺ ടവറുകൾ അനധികൃതമായി പ്രവർത്തിക്കുന്നു.

കേന്ദ്ര സർക്കാരിന്റെ മിനിസ്ട്രി ഓഫ് കമ്മ്യൂണിക്കേഷൻ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ ലൊക്കേഷൻ ഉൾപ്പെടുത്തിയ വെബ് സൈറ്റ് " Https://Tarangsanchar.Gov.In/Emfportal " പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ 4 ടവറുകൾ പ്രവർത്തിക്കുന്നതായി കാണുന്നുണ്ട്. എന്നാൽ സഞ്ചയ പോർട്ടലിൽ മൊബൈൽ ടെലിഫോൺ ടവർ എന്ന ഉപയോഗക്രമത്തിൽ ആകെ 3 ടവറുകൾ മാത്രം ആണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.
ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നമ്പർ 12 /9.01.2026) ലഭ്യമാക്കിയ മറുപടിയിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ 7 മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നണ്ട് എന്നും അതിൽ അനധികൃതമായി പ്രവർത്തിക്കുന്ന 4 മോബൈൽ ടവറുകൾക്ക് കെട്ടിട നമ്പർ എടുത്ത് വസ്തുനികുതി അടവാക്കുവാൻ കത്ത് നൽകിയിട്ടിണ്ട് എന്ന് അറിയിച്ചിട്ടുണ്ട്.
ഗ്രാമപഞ്ചായത്തിന്റെ കീഴിൽ അനധികൃതമായി പ്രവർത്തിക്കുന്ന ടവറുകൾ ഫീൽഡ് പരിശോധന നടത്തി നിലവിലെ വിസ്തൃതി അളന്നു തിട്ടപ്പെടുത്തി പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 പ്രകാരമുള്ള ക്രമവത്ക്കരണ നടപടികൾ സ്വീകരിക്കുകയും, നിയമാനുസൃതമായി നിർമ്മിച്ചിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും കുടിശ്ശിക സഹിതം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-16 വാടകക്കാരിൽ നിന്നും കരാർ ചമച്ചതിൽ സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ സർക്കാരിന് നഷ്ടം

ഗ്രാമപഞ്ചായത്തുവക ഷോപ്പിംഗ് കോംപ്ലക്സിൽ താഴെ പറയുന്ന കടമുറികൾ വാടകയ്ക്ക് എടുത്തവരുമായി 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു

ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടം 7 (2)- ഫാറം III പ്രകാരം കരാറുകൾ ചമച്ചതിന്റെ രേഖകൾ പരിശോധിച്ചതിൽ,
ഒരു വർഷത്തിൽ കൂടാത്ത കാലയളവിലേക്കുള്ള വാടക കരാറിന് 28th July, 2024 ലെ കേരള ധനകാര്യ ആക്ട് No. 8/Leg. A2/2024/Law. അദ്ധ്യായം - 2 ൽ പട്ടികയിൽ (ബി) 33,— പ്രകാരം 1-4-2024 മുതൽ മുദ്രവില 500 രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന വാടകക്കാർ 500 രൂപയിൽ കുറഞ്ഞ മൂല്യത്തിലുള്ള മുദ്രപത്രത്തിലാണ് 01.04.2024 മുതൽ 31.03.2025 വരെയുള്ള കരാർ ചമച്ചിട്ടുള്ളത്.

ക്രമ നം.	കരാർക്കാരന്റെ പേര്	മുറി നമ്പർ	കരാർ ചമച്ചിട്ടുള്ള മുദ്രവില	നഷ്ടം
1	ആയിഷ എസ്	5/299	200	300
2	ബീന ബാലൻ	11/89	200	300
3	ഭുവനേശ്വരൻ	11/87	200	300
4	നാഗലക്ഷമി	5/150	200	300
5	തോമസ് എ ഡി	1/58	200	300
6	ദീപക് കുമാർ	11/255	200	300
7	ജെയ്സൺ ടി ജോസ്	11/256	200	300
8	സുലൈമാൻ	11/83	200	300
9	കുമാരൻ	11/86	0	500
10	കുമാരൻ	11/88	0	500
11	കുമാരൻ	5/298c	0	500
12	അബ്ദുൾ അലി	11/69	200	300
13	അബ്ദുൾ അലി	11/70	200	300
14	അബ്ദുൾഖാദർ	5/297A	200	300
15	അബ്ദുൾഖാദർ	5/298B	200	300
16	കാമരാജ്	11/84	200	300
17	കാമരാജ്	11/85	200	300
ആകെ				5700

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം. 11/09.01.2026) ലഭ്യമാക്കിയ മറുപടിയിൽ വാടകക്കാരുമായി കുറവു വന്ന തുകയ്ക്ക് മുദ്രപത്രം ചമക്കുന്നതാണ് എന്ന അറിയിച്ചിട്ടുണ്ട്. വാടകക്കാരുമായി കരാർ ചമച്ചതിൽ സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ ₹ 5700 രൂപ സംസ്ഥാന സർക്കാരിന് നഷ്ടമുണ്ടായി. മേൽ പറഞ്ഞ വാടകക്കാരിൽ നിന്നും നിയമാനുസൃത മൂല്യമുള്ള മുദ്രപത്രത്തിൽ കരാർ തയ്യാറാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഈ കാലയളവിലെ സെക്രട്ടറിയുടെ ബാധ്യത ആയിരിക്കുന്നതാണ്.

1-17 "അഗ്രി ഹോർട്ടി ടൂറിസം ഫെസ്റ്റ്- NATOURA 2025" മേളയിൽ നിന്നും വിനോദ നികുതി ഈടാക്കുന്നില്ല.

കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയ്ൻമെന്റ്സ് ടാക്സ ആക്റ്റ് 1961 ലെ സെക്ഷൻ 2(4) പ്രകാരം മാജിക് പ്രകടനം ഒഴികെയുള്ള പണം ഈടാക്കി ആളുകളെ പ്രവേശിക്കുന്ന ഏതെങ്കിലും പ്രദർശനം, വിനോദം തുടങ്ങിയവ

വിനോദം എന്നതിൽ ഉൾപ്പെടുന്നതാണ്. തദ്ദേശസ്ഥാപനങ്ങൾക്ക് സെക്ഷൻ (3) പ്രകാരം ഏതൊരു വിനോദത്തിനുള്ള ഓരോ ടിക്കറ്റ് നിരക്കിന്മേലും നിശ്ചിത നിരക്കിൽ കുറയാതെയുള്ള വിനോദ നികുതി ചുമത്താനുള്ള അധികാരമുണ്ട് .

2025 ഫെബ്രുവരി 5 മുതൽ 10 വരെ ഓറഞ്ച് ആന്റ് വെജിറ്റബിൾ ഫാം നെല്ലിയാമ്പതിയിൽ വച്ച് നടത്തിയ " അഗ്രി ഹോർട്ടി ടൂറിസം ഫെസ്റ്റ്- NATOURA 2025" മേള നടത്തിപ്പുമായി ബന്ധപ്പെട്ട് വിനോദ നികുതി ഈടാക്കിയതായി കാണുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം. 20/12.01.2026) ലഭ്യമാക്കിയ മറുപടിയിൽ അഗ്രി ഹോർട്ടി ടൂറിസം ഫെസ്റ്റ്- NATOURA 2026 മേളയിലെ ടിക്കറ്റിൽ നിന്ന് വിനോദ നികുതി ഈടാക്കേണ്ട സാധ്യത പരിശോധിക്കാം എന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-18 യോഗമിനുട്ടുകൾ സമയബന്ധിതമായി പൂർത്തിയാക്കിയിട്ടില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണസമിതി യോഗങ്ങൾ ഓൺലൈൻ ആക്കുന്നതിനായി ഐ.കെ.എം. വികസിപ്പിച്ച സകർമ്മ ആപ്ലിക്കേഷൻ സ.ഉ(സാധാ.) 3630/2015/തസ്വഭവ തീയതി 3.12.2015 ഉത്തരവിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപനങ്ങളിൽ വിന്യസിച്ചിരുന്നു. എന്നാൽ സകർമ്മ ആപ്ലിക്കേഷൻ മുഖേനയുള്ള ഭരണസമിതി യോഗങ്ങളുടെ നടപടിക്രമങ്ങൾ പരിശോധിച്ചതിൽ മിനിട്ട്സ് പൂർത്തീകരിക്കുന്നതിൽ 1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം ചട്ടങ്ങളിലെ) ചട്ടം 26 പ്രകാരമുള്ള സമയപരിധി പാലിക്കുന്നില്ല എന്ന് വ്യക്തമായി. ചട്ടം 26(8) പ്രകാരം യോഗം കഴിഞ്ഞ് മൂന്നുദിവസത്തിനകം സെക്രട്ടറി മിനിട്ട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ മിനിട്ട്സ് തയ്യാറാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നുണ്ട്. മിനിട്ട്സ് തയ്യാറാക്കി അയച്ച ദിവസം തന്നെ പ്രസിഡന്റ് അംഗീകരിച്ചിട്ടുണ്ട്.

മിനിട്ട്സ് തയ്യാറാക്കുന്നതിലെ കാലതാമസത്തിന് ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

യോഗം ചേർന്ന തീയതി	സെക്രട്ടറി മിനിട്ട്സ് തയ്യാറാക്കി അംഗീകാരത്തിനായി അയച്ച തീയതി
31.8.24	29.10.24
20.9.24	29.10.24
28.11.24	10.1.25
30.12.24	14.2.25
30.1.25	21.3.25
18.2.25	21.3.25
27.2.25	21.4.25
15.3.25	24.4.25
22.3.25	16.4.25
28.3.25	24.4.25
30.4.25	2.7.25
12.5.25	17.6.25
29.5.25	2.7.25

27.6.25	12.8.25
11.7.25	10.9.25
25.8.25	22.10.25
25.9.25	17.12.25
28.10.25	17.12.25

ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ യോഗമിനിട്ട്സ് തയ്യാറാക്കി അംഗീകാരം വാങ്ങാതിരുന്നതിനുള്ള സാഹചര്യം വ്യക്തമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/9.1.26) ന് പ്രസിഡന്റിന്റെ അംഗീകാരം ലഭിക്കുന്നതിന് കാലതാമസം നേരിടുന്നത് കൊണ്ടാണ് യോഗ നടപടികൾ പൂർത്തിയാക്കാൻ വൈകുന്നത് എന്ന് മറുപടിയായി അറിയിച്ചിട്ടുണ്ട്. സമയബന്ധിതമായി യോഗ നടപടികൾ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-19 ഇ-ടെണ്ടറിലൂടെ ലഭ്യമായ തുക തനത് ഫണ്ടിലേക്ക് കൈമാറിയിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ SBI നെന്മാറ ബ്രാഞ്ചിലുള്ള ബാങ്ക് അക്കൗണ്ടിൽ (നം.37233139343) 13.11.2025 തിയതിയിൽ 209501/- രൂപ നീക്കിയിരിപ്പായി കാണുന്നുണ്ട്. ഇ-ടെണ്ടർ ഫോറങ്ങളുടെ വിലയായി ലഭ്യമായ തുക തനത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യാതിരിക്കുന്നതിനുള്ള കാരണം അറിയിക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.23/13.1.2026) ന് മറുപടി ലഭ്യമായിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനിയറുടെ അക്കൌണ്ടിൽ അവശേഷിക്കുന്ന തുക തനത് ഫണ്ടിലേക്ക് കൈമാറി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-20 ലൈഫ് മിഷൻ എസ്.ടി-ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സോഷ്യൽ അഡ്വാൻസ്മെന്റിൽ നിന്നും തിരികെ ലഭിച്ച തുക സർക്കാരിലേക്ക് അടവാക്കിയിട്ടില്ല

പട്ടികവർഗ വിഭാഗത്തിലെ 90 കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിനായി ₹6 ലക്ഷം വീതം നൽകുന്നതിനായി 2021-22 വർഷം പ്ലാൻഫണ്ടിൽ നിന്നും ₹5.40 കോടി വകയിരുത്തി പദ്ധതി ആവിഷ്കരിച്ചിരുന്നു. ഗ്രാമപഞ്ചായത്തിലെ അഞ്ചാം വാർഡിലെ കുന്നക്കാട് കോളനി പ്രദേശത്ത് പട്ടികവർഗ കുടുംബങ്ങൾക്ക് സർക്കാർ നൽകിയ ഭൂമിയിലാണ് വീടുകൾ നിർമ്മിക്കാൻ തീരുമാനിച്ചത്. ഭരണസമിതിയുടെ 24.03.2022 ലെ 9(1) നം. തീരുമാനം പ്രകാരം ഭവന നിർമ്മാണത്തിനായി ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സോഷ്യൽ അഡ്വാൻസ്മെന്റ് (ISA), തിരുവനന്തപുരം എന്ന ഏജൻസിയെ ചുമതലപ്പെടുത്തി. 25.03.2022-ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ഊര് വികസനസമിതി പ്രസിഡന്റ്, ഏജൻസി ഡയറക്ടർ എന്നിവർ തമ്മിൽ കരാർ ഒപ്പുവയ്ക്കുകയും ആദ്യ ഗഡുവായി ₹1,07,28,229 (TSP വിഹിതം ₹3,21,000 + വികസനഫണ്ട് ₹1,04,07,229) ഏജൻസിക്ക് കൈമാറുകയും ചെയ്തിരുന്നു.

എന്നാൽ സ.ഉ.(സാധാ) നം. 26/2022/LSGD/06.01.2022 പ്രകാരം ISA-യ്ക്ക് അനുവദിച്ചിരിക്കുന്ന അക്രഡിറ്റേഷൻ സുസ്ഥിര നഗരവികസനം, നഗരവികസന പദ്ധതി രേഖ തയ്യാറാക്കൽ, വികസന മാതൃകകൾ, കമ്മ്യൂണിറ്റി ഓർഗനൈസേഷൻ എന്നീ മേഖലകളിൽ മാത്രമാണ് ഉള്ളത്. ഭവനനിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിന് ISA-യ്ക്ക് അംഗീകാരമില്ല എന്നതിനാൽ ലൈഫ് മിഷൻ സി.ഇ.ഒ യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സോഷ്യൽ അഡ്വാൻസ്മെന്റ് കൈമാറിയ തുക

ഗ്രാമപഞ്ചായത്തിലേക്ക് തിരികെ അടവാക്കണമെന്ന് കോ-ഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിച്ചു. (22.11.2022 ലെ 2.1 ഖണ്ഡിക 4.24)

തുടർന്ന്, 27.03.2023-ന് ₹1,03,75,212/- ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് (കാനറ ബാങ്ക് A/C No. 44512200023440) തിരികെ അടവാക്കി. ₹3,53,017/- രൂപ കുറവ് ചെയ്തതിന് ശേഷമുള്ള തുകയാണ് ഏജൻസിയിൽ നിന്ന് തിരികെ ലഭിച്ചത്. നിലവിലും തുക തനത്ഫണ്ട് അക്കൗണ്ടിൽ തന്നെയാണ് സൂക്ഷിച്ചിട്ടുള്ളത്.

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (07/08.01.2026) പ്രാരംഭ പ്രവർത്തനങ്ങൾക്ക് ₹3,53,017/- ചെലവഴിച്ചതിനാലാണ് പ്രസ്തുത തുക കുറവുചെയ്തതെന്ന് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സോഷ്യൽ അഡ്വാൻസ്മെന്റ് അറിയിച്ചിരുന്നുവെന്നും എന്നാൽ മുഴുവൻതുകയും തിരികെ നൽകണമെന്ന് ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും, 90 ഗുണഭോക്താക്കളിൽ 87 പേർക്ക് സർക്കാർ അനുവദിച്ച പ്രദേശത്തും 3 പേർക്ക് നെന്മാറ ഗ്രാമപഞ്ചായത്തിലുമായി ഭവനനിർമ്മാണം പുരോഗമിക്കുന്നതായി വില്ലേജ് എക്റ്റൻഷൻ ഓഫീസറും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രാരംഭ പ്രവർത്തനങ്ങൾക്ക് തുക ചെലവഴിച്ചത് സംബന്ധിച്ച രേഖകളില്ല. 25.02.23 ൽ ഒപ്പു വെച്ച കരാറിലും ഇത് സംബന്ധിച്ച വ്യവസ്ഥകളില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ഭവനനിർമ്മാണ ധനസഹായം നൽകുന്നതിന് നിശ്ചയിക്കപ്പെട്ട പട്ടികവർഗ വിഭാഗത്തിലെ ഗുണഭോക്താക്കളുടെ ഭവന നിർമാണം പുരോഗമിക്കുന്നതിനാൽ തനത് ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ള തുക അടിയന്തിരമായി സർക്കാരിലേക്ക് തിരികെ നൽകേണ്ടതാണ്.
2. ₹3,53,017/- രൂപ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സോഷ്യൽ അഡ്വാൻസ്മെന്റിൽ നിന്നും തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

തുടർനടപടികൾ അറിയിക്കേണ്ടതാണ്.

1-21 ഹരിതമിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം- പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ മോണിറ്റർ ചെയ്യുന്നതിനായി ഹരിതകേരളം മിഷന് വേണ്ടി കെൽട്രോൺ വികസിപ്പിച്ചിട്ടുള്ള സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം സോഫ്റ്റ്വെയർ നടപ്പാക്കുന്നതിന് കെൽട്രോണിന് സർവീസ് ചാർജ് നൽകുന്നതിനും തദ്ദേശ സ്ഥാപനങ്ങളിൽ ഓഫീസ് ആവശ്യത്തിന് ലാപ്ടോപ്പ് ലഭ്യമാക്കുന്നതിനും G.O.(Rt)No.2307/2021/LSGD തീയതി 18.11.2021 പ്രകാരം നിരക്കുകൾ നിർണ്ണയിച്ച് സർക്കാർ അനുമതിയായിരുന്നു. ഉത്തരവ് പ്രകാരം 6 മാസത്തേക്ക് സർവീസ് ചാർജിനത്തിൽ 135700 രൂപയും ക്യു. ആർ കോഡ് തുക 12000 രൂപയും എസ്.എം.എസ് തുക 7200 രൂപയും ലാപ്ടോപ്പിന് 50000 രൂപയുമുൾപ്പെടെ 204900 രൂപ ഗ്രാമപഞ്ചായത്തുകൾക്ക് കെൽട്രോണിന് അനുവദിക്കാവുന്നതാണ്.

സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിൽ നടപ്പാക്കുന്നതിനായി വില്ലേജ് എക്റ്റൻഷൻ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി '83/25 സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം- ഹരിതമിത്രം (SO)' എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. പദ്ധതി പ്രകാരം കെൽട്രോണിന്റെ 3301002100016241/ PUNB0330100 എന്ന അക്കൗണ്ടിലേക്ക് ₹195762 രൂപ കൈമാറിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

അടങ്കൽ: 204900 (ധനകാര്യ കമ്മീഷൻ അവാർഡ്)
ചെലവ് : 195762
ബിൽ നം./ തീയതി: 80/ 27/09/2024

12.11.2023 ലെ സ.ഉ(സാധാ)നം.2231/2023/LSGD പ്രകാരം മാലിന്യ ശേഖരണം, കൈമാറ്റം, യൂസർ ഫീ ശേഖരണം എന്നിവ മുഴുവനായും ഹരിതമിഷൻ ആപ്ലിക്കേഷൻ വഴി നടത്തപ്പെടേണ്ടതും ഹരിതമിഷൻ ആപ്ലിക്കേഷൻ പൂർണ്ണമായും ഉപയോഗിക്കുന്നുണ്ടെന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതായിരുന്നു. ഹരിതമിത്രം പോർട്ടൽ പരിശോധിച്ചതിൽ ആകെ 668 ക്യൂ. ആർ. കോഡുകൾ മാത്രമാണ് ഇതുവരെ പതിപ്പിച്ചിട്ടുള്ളതായി കാണുന്നത്. ആയതിൽ ക്യൂ. ആർ. വഴി പെയ്മെന്റ് ചെയ്യുന്നത് പരിമിതമായി മാത്രമാണ്. പദ്ധതിയുടെ ഭാഗമായി വാങ്ങിയ ലാപ്ടോപ്പ് പ്രസ്തുത ആവശ്യത്തിന് ഉപയോഗപ്പെടുത്തുന്നില്ല.

ഭൂമിശാസ്ത്രപരമായ പ്രത്യേകതകളുള്ള പ്രദേശമാണ് നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത്. നിലവിലെ ആകെ ജനസംഖ്യ 5000 ൽ താഴെ മാത്രമാണ്. മിക്ക പ്രദേശങ്ങളിലും നെറ്റ്വർക്ക് കണക്റ്റിവിറ്റി പോലും ലഭ്യമല്ലാത്ത അവസ്ഥയാണുള്ളത്. 13 വാർഡുകളുള്ള ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മ സേനയിൽ 7 അംഗങ്ങൾ മാത്രമാണുള്ളത്. ഈ വസ്തുതകൾ പരിഗണിക്കാതെയാണ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയത്.
ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (14/11.01.2026) ക്യൂ. ആർ കോഡ് പ്രിന്റിംഗ്, ലാപ്ടോപ്പ് ലഭ്യമാക്കൽ, എസ്.എം.എസ് ചാർജ്ജ്, ആറ് മാസത്തെ സർവീസ് ചാർജ്ജ് എന്നിവയ്ക്കായാണ് തുക കൈമാറിയതെന്നും ഹരിതമിത്രം ആപ്പ് ഹരിതകർമ്മസേനാംഗങ്ങൾക്ക് പരിചയപ്പെടുത്തുകയും ക്യൂ.ആർ കോഡ് പതിപ്പിക്കുന്നതിനും ആപ്പ് വഴി സർവീസ് നടത്തുന്നതിനും ഹരിതകർമ്മസേനയെ പ്രാപ്തരാക്കിയ തടക്കവുമുള്ള സേവനങ്ങളാണ് കെൽട്രോൺ നടത്തിയിട്ടുള്ളതെന്ന് നിർവഹണോദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്.

ഭൂമിശാസ്ത്രപരമായ പരിമിതികൾ മറികടന്ന് ഹരിതകർമ്മസേനയുടെ പ്രവർത്തനം ഊർജ്ജിതമാ ക്കുന്നതിനും സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം പൂർണ്ണതോതിൽ നടപ്പാക്കുന്നതിനും ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-22 എസ്.എസ്.കെ വിഹിതം- വിനിയോഗ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ	ഹെഡ് മാസ്റ്റർ, ജി.എൽ.പി.എസ്, സീതാർകുണ്ട്
പ്രോജക്ട് നം./പേര്	19/25, എസ്.എസ്.കെ വിഹിതം നൽകൽ
അടങ്കൽ	₹208630
ചെലവ്	₹208630 (വികസനഫണ്ട് -ജനറൽ)
ബിൽ നമ്പർ/ തീയതി	02/13.11.2024

എസ്.എസ്.കെ പാലക്കാട് ജില്ലാ പ്രൊജക്റ്റ് കോർഡിനേറ്ററുടെ ആനുവൽ വർക്ക് പ്ലാൻ & ബജറ്റ് [AWP&B) 2024-25 പ്രകാരം നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിലെ പൊതുവിദ്യാലയങ്ങളിൽ 5.213 ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് ലക്ഷ്യമിട്ടിരുന്നു. എസ്.എസ്.കെ പദ്ധതിയുടെ ധനസഹായം

കേന്ദ്ര–സംസ്ഥാന സർക്കാരുകൾ 60:40 അനുപാതത്തിൽ വഹിക്കേണ്ടതാണ് എന്നതിനാൽ സംസ്ഥാന സർക്കാരിന്റെ വിഹിതം മേൽ പദ്ധതി പ്രകാരം ₹2,08,630 ബി.ആർ.സി കൊല്ലങ്കോട് പ്രോജക്ട് കോ-ഓർഡിനേറ്ററുടെ അക്കൗണ്ടിലേക്ക് (110014618018) കൈമാറിയിട്ടുണ്ട്.

2024-25 വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ പൊതു വിദ്യാലയങ്ങളിൽ എസ്.എസ്.കെ. നടത്തിയ അക്കാദമിക്ക്/പരിശീലന പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.
ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം. 08/08.01.2026) വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് ബി.ആർ.സി കൊല്ലങ്കോട് പ്രോജക്ട് കോ-ഓർഡിനേറ്റർക്ക് അറിയിപ്പുനൽകിയിട്ടുണ്ടെന്നും വിവരങ്ങൾ ലഭ്യമാകുന്നമുറയ്ക്ക് ഹാജരാക്കുന്നതുമാണെന്ന് മറുപടി നൽകിയിട്ടുണ്ട്.
തുടർനടപടികൾ അറിയിക്കേണ്ടതാണ്.

1-23 സ്കൂൾ കുട്ടികൾക്ക് പ്രഭാതഭക്ഷണം- ടെണ്ടർ നടപടികൾ സ്വീകരിച്ചില്ല

നിർവഹണം	ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ്., സീതാർകുണ്ട്
പദ്ധതിയുടെ പേര്	16/2025 സ്കൂൾ കുട്ടികൾക്ക് പ്രഭാതഭക്ഷണം
അടങ്കൽ	₹700000 (വികസനഫണ്ട് ജനറൽ)
ചെലവ്	₹589032
ബിൽ നം./ തീയതി	03/23.11.2025- ₹120096 04/11.03.2025- ₹330792 06/22.03.2025-₹138144

നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിലെ ഗവ. എൽ.പി.എസ് സീതാർകുണ്ട്, മണലാരു എസ്റ്റേറ്റ് എൽ.പി.എസ്. പാടഗിരി, ചന്ദ്രാമല എസ്റ്റേറ്റ് എൽ.പി.എസ്., നെല്ലിയാമ്പതി എന്നീ വിദ്യാലയങ്ങളിലെ കുട്ടികൾക്ക് പ്രഭാതഭക്ഷണം നൽകുന്നതിനായാണ് പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്. പദ്ധതി നടപ്പാക്കിയതിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. **ഇ- ടെണ്ടർ നടപടികൾ സ്വീകരിച്ചില്ല**

കേരളത്തിലെ തദ്ദേശ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ(പ്രി)നം. 259/2010/ത.സ്വ.ഭ.വ തീയതി 08.11.2010 പ്രകാരം 1 ലക്ഷം രൂപ രൂപയിൽ അധികരിക്കുന്ന വാങ്ങലുകൾക്ക് ഓപ്പൺ ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. 5 ലക്ഷത്തിന് മുകളിലുള്ള വാങ്ങലുകൾക്ക് ഇ-ടെണ്ടർ നടപ്പിലാക്കേണ്ടതാണ്. എന്നാൽ ₹589032 അടങ്കലുള്ള പദ്ധതിയിൽ പ്രഭാതഭക്ഷണ വിതരണത്തിനായി കമ്മ്യൂണിറ്റേഷൻ നടപടികളിലൂടെയാണ് വിതരണക്കാരനെ തിരഞ്ഞെടുത്തിട്ടുള്ളത്.

2. **കപട്ടേഷൻ അംഗീകരിക്കുന്നതിന് മുൻപ് നിർവഹണം ആരംഭിച്ചു**

25.07.2024 ൽ കപട്ടേഷൻ നോട്ടീസ് പുറപ്പെടുവിക്കുകയും 06.08.2024 ൽ നിരക്കുകൾ താരതമ്യപ്പെടുത്തി കുറഞ്ഞ നിരക്ക് കോട്ട് ചെയ്ത ടിനി ഹോട്ടൽ, പുലയമ്പാറ എന്ന സ്ഥാപനത്തെ തിരഞ്ഞെടുത്ത് നിർവഹണ നടപടികൾ ആരംഭിക്കുകയും ചെയ്തു. പ്രൊക്യുർമെന്റ് കമ്മിറ്റി ഇത് സംബന്ധിച്ച് തീരുമാനം കൈക്കൊണ്ടിട്ടില്ല. 15.03.2025 ലാണ് ഭരണസമിതി, തീരുമാനം 3/4 പ്രകാരം കപട്ടേഷൻ അംഗീകരിക്കാൻ വിട്ടുപോയതിനാൽ പദ്ധതി നിർവഹണം ആരംഭിച്ച നടപടി സാധൂകരിച്ചത്.

മേൽ അപാകങ്ങൾക്ക് വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13/09.01.2026) പാചകം ചെയ്ത ഭക്ഷണമാണ് എത്തിക്കേണ്ടത് എന്നതിനാൽ പരിസര പ്രദേശങ്ങളിൽ നിന്നുള്ള സ്ഥാപനങ്ങൾക്ക് മാത്രമേ സാധിക്കൂ എന്നതിനാലാണ് കപട്ടേഷൻ മുഖേന ചെയ്തതെന്നും കപട്ടേഷൻ സമയബന്ധിതമായി ഭരണസമിതി അംഗീകാരത്തിന് നൽകിയിരുന്നെങ്കിലും തീരുമാനമെടുക്കാൻ വിട്ടുപോയതിനാലാണ് സാധൂകരിക്കേണ്ടി വന്നതെന്നുമാണ് നിർവഹണോദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുള്ളത്.

പ്രൊക്യുർമെന്റ് മാർഗ്ഗരേഖയ്ക്ക് അനുസൃതമായും കമ്മിറ്റിതീരുമാനം യഥാസമയം കൈക്കൊണ്ടും സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

1-24 വനിതകൾക്ക് മെൻസ്ട്രുവൽ കപ്പ്- വിതരണം പൂർത്തീകരിച്ചില്ല

നിർവഹണം	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി
പദ്ധതിയുടെ പേര്	62/25 വനിതകൾക്ക് മെൻസ്ട്രുവൽ കപ്പ് വാങ്ങൽ
അടങ്കൽ	₹300000
ചെലവ്	₹299992 (വികസനഫണ്ട് ജനറൽ)
ബിൽ നമ്പർ/ തീയതി	54/25.03.2025

മേൽ പദ്ധതി പ്രകാരം HLL Life Care Ltd എന്ന സ്ഥാപനത്തിൽ നിന്നും 1000 എണ്ണം മെൻസ്ട്രുവൽ കപ്പുകൾ 1 ന് 299.99 രൂപ നിരക്കിൽ വാങ്ങിയിരുന്നു. ഇൻവോയ്സ് നം. 9423057008/ 10.03.2025 പ്രകാരം സാധനങ്ങൾ ലഭ്യമാക്കുകയും KL01082/LP/00032/24-25 നമ്പരായി DDMS ൽ സ്റ്റോക്ക് രേഖപ്പെടുത്തുകയും സ്ഥാപനത്തിന്റെ 57059856212/ SBIN0070581 എന്ന അക്കൗണ്ടിലേക്ക് ₹299992 കൈമാറുകയും ചെയ്തിട്ടുണ്ട്.

ലഭ്യമായ മെൻസ്ട്രുവൽ കപ്പുകൾ 4 സബ്സെന്ററുകൾക്ക് കൈമാറുകയും സബ്സെന്ററുകൾ വിവിധ വാർഡുകളിലെ ആശാ വർക്കർമാർക്ക് വിതരണത്തിനായി നൽകുകയും ചെയ്തതായി സ്റ്റോക്ക് രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതുവരെ 556 മെൻസ്ട്രുവൽ കപ്പുകൾ മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്.

444 എണ്ണം വിതരണം ചെയ്യാത്തതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 24/13.01.2026) വിതരണം പൂർത്തിയാക്കി വിവരം അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

444 എണ്ണം മെൻസ്ട്രുവൽ കപ്പുകൾ വിതരണം പൂർത്തിയാക്കി അറിയിക്കുന്നതുവരെ 444x299.99= 133195 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-25 തെരുവു വിളക്കുകൾ പൂർണമായും മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല

പ്രോജക്ട് നമ്പർ, പേര്	67/2025 സ്ട്രീറ്റ് ലൈറ്റ് ബില്ല് അടവാക്കൽ
നിർവഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
അടങ്കൽ	2000000 – സി.എഫ്.സി
ചെലവ്	1631209
ബിൽ നം./ തീയതി/ തുക	1) XVFC/2024-25/P/27/31-01-2025/448913 2) XVFC/2024-25/P/46/25-03-2025/1182296

പദ്ധതി പ്രകാരം തെരുവു വിളക്കുകളുടെ 02/2024 മുതൽ 03/2025 വരെയുള്ള വൈദ്യുതി ചാർജ് KSEB യിൽ അടവാക്കിയിട്ടുണ്ട്. തനതു ഫണ്ട് പര്യാപ്തമല്ലാത്തതിനാൽ ധനകാര്യകമ്മീഷൻ ഗ്രാന്റ് വകയിരുത്തിയാണ് വൈദ്യുതി ചാർജ് അടച്ചിട്ടുള്ളത്. തെരുവുവിളക്കുകളുടെ അറ്റകുറ്റപണികൾക്കായി തുകയൊന്നും വകയിരുത്തിയിട്ടില്ല. രേഖകളുടെ പരിശോധനയിൽ ആദ്യ ബില്ല് പ്രകാരം 44 കൺസ്യൂമർ നമ്പറുകളുടെ 02/2024 മുതൽ 05/2024 വരെയും രണ്ടാമത്തെ ബില്ലു പ്രകാരം 51 കൺസ്യൂമർ നമ്പറുകളിലായി 05/2024 മുതൽ 03/2025 വരെയുമുള്ള വൈദ്യുതി ചാർജ്ജ് അടവാക്കിയിട്ടുണ്ട്. സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ കൺസ്യൂമർ നമ്പറുകൾക്ക് കീഴിൽ എത്ര തെരുവ് വിളക്കുകൾ ഉണ്ടെന്നതിന് വ്യക്തതയില്ല. പ്രസ്തുത ബില്ലുകൾ പരിശോധിച്ചതിൽ നിലവിലും മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ലാത്ത തെരുവു വിളക്കിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

കൺസ്യൂമർ നമ്പർ	1165127000001
ബിൽ നം. XVFC/2024-25/P/27/31-01-2025/448913 പ്രകാരം അടവാക്കിയ തുക	171032 (Unmetered)
ബിൽ നം. XVFC/2024-25/P/46/25-03-2025/1182296 പ്രകാരം അടവാക്കിയ തുക	430727 (Unmetered)

കെ.എസ്.ഇ.ബി ഉദ്യോഗസ്ഥരും, പഞ്ചായത്ത് അധികൃതരും സംയുക്ത പരിശോധന നടത്തുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് വരുന്നു. ആയത് പൂർത്തീകരിച്ച് വരുന്നു എന്നാണ് ഓഡിറ്റ് അന്വേഷണത്തിന് (നം.26/14-01-2026) മറുപടി ലഭ്യമാക്കിയിട്ടുള്ളത്. എല്ലാ തെരുവു വിളക്കുകളും മീറ്ററിംഗ് സംവിധാനത്തിനു കീഴിൽ കൊണ്ടു വരുന്നതിനായി കെ.എസ്.ഇ.ബി യിൽ നിന്നും 15,85,647 രൂപയുടെ ഡിമാന്റ് ലഭിച്ചിട്ടുണ്ട്. ആയത് പ്രകാരം 2025-26 വർഷത്തിൽ പദ്ധതി രൂപീകരിക്കുകയും കെ.എസ്.ഇ.ബി യിൽ തുക നിക്ഷേപിക്കുന്നതിന് തുടർനടപടികൾ സ്വീകരിച്ചു വരുന്നതായും ഓഡിറ്റ് അന്വേഷണത്തിന്റെ മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1) കെ.എസ്.ഇ.ബി ഉദ്യോഗസ്ഥരും, പഞ്ചായത്ത് അധികൃതരും സംയുക്ത പരിശോധനയിലൂടെ പ്രവർത്തനക്ഷമവും അല്ലാത്തതുമായ തെരുവ് വിളക്കുകളുടെ വിശദാംശങ്ങൾ തിട്ടപ്പെടുത്തേണ്ടതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ തെരുവ് വിളക്കുകളുടെ രജിസ്റ്റർ തയ്യാറാക്കേണ്ടതും. പരിപാലനവുമായി ബന്ധപ്പെട്ട് തെരുവു വിളക്ക് മെയിന്റനൻസ് രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്.

2) എല്ലാ തെരുവു വിളക്കുകളും മീറ്ററിനു കീഴിൽ കൊണ്ടു വരുന്നതിന് 2025-26 വർഷം ആവിഷ്കരിച്ച പദ്ധതിയുടെ പുരോഗതി വിവരം അറിയിക്കേണ്ടതാണ്.

1-26 മരാമത്ത് പ്രവൃത്തികൾ - പൊതു അവലോകനം

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികളിൽ 60 പ്രവൃത്തികൾക്ക് അംഗീകാരം ലഭ്യമാക്കിയെങ്കിലും 29 പ്രവൃത്തികളാണ് തൻവർഷം നടപ്പിലാക്കിയത്. ₹42316261/- വകയിരുത്തിയതിൽ ₹13586890/- ആണ് ചെലവഴിച്ചിട്ടുള്ളത്. 32% ആണ് തൻവർഷത്തെ ആകെ ചെലവ്. ചെലവ് ശതമാനം കുറഞ്ഞതിന് കാരണം വിശദമാക്കേണ്ടതാണ്.

24 സ്പിൽ ഓവർ പ്രവർത്തികൾ നടപ്പിലാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് കാരണം അറിയിക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.22/13.1.2026) ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-27 അസിസ്റ്റന്റ് എഞ്ചിനിയർ പദ്ധതി നിർവ്വഹണം- എഗ്രിമെന്റ് ചമയ്ക്കുന്നതിൽ കാലതാമസം -ഫൈൻ ഈടാക്കിയില്ല

കേരള പൊതുമരാമത്ത് മാന്വലിലെ വകുപ്പ് 2009.6 പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫോം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം മുതൽ 10 ദിവസത്തിനകം കരാറുടമ്പടി വെച്ചില്ലെങ്കിൽ കരാർ തുകയുടെ 1% പിഴ ഈടാക്കേണ്ടതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. സമയബന്ധിതമായി കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽകൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

അസിസ്റ്റന്റ് എഞ്ചിനിയർ 2024-25 വർഷത്തിൽ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയതിന് മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കാതെ ബിൽ അനുവദിച്ചതായി കണ്ടെത്തി. ഈയിനത്തിൽ പഞ്ചായത്ത് ഫണ്ടിനുണ്ടായിട്ടുള്ള നഷ്ടം കോൺട്രാക്റ്ററിൽ നിന്ന് ഈടാക്കി അടവാക്കേണ്ടതാണ്.

അസിസ്റ്റന്റ് എഞ്ചിനിയർ പദ്ധതി നിർവ്വഹണം- എഗ്രിമെന്റ് ചമയ്ക്കുന്നതിൽ കാലതാമസം -ഫൈൻ ഈടാക്കിയില്ല

പ്രവൃത്തിയുടെ വിവരം	പ്രോ.നം. 123/25-കാരാകുഴി കോട്ടയങ്ങാടി റോഡ് കോൺക്രീറ്റ്

അടങ്കൽ -	1000000/- (CFC)
APAC-	746518/-
കരാറുകാരന്റെ പേര്	ശ്രീ.ദേവദാസൻ
എഗ്രിമെന്റ് നം.:	08/Dt. 15.7.24
ചെലവ് /ബിൽ നം.	880802/- വൗ.നം.XVFC/24-25/P/22/1.1.2025
എം.ബുക്ക് നം.	4765/2024/511
ലെറ്റർ ഓഫ് അക്സപ്റ്റൻസ് നൽകിയ തിയതി	24.5.2024
പിഴ കൂടാതെ എഗ്രിമെന്റ് വെക്കേണ്ട അവസാന തിയതി	7.6.2024
എഗ്രിമെന്റ് വെച്ച തിയതി	15.7.2024
ഈടാക്കേണ്ട പിഴ (1%)	7465/-

(2)

പ്രവൃത്തിയുടെ വിവരം	പ്രോ.നം. 135/25-ഊത്തുകുഴി താഴത്തെ പടിയിൽ പമ്പ് ഹൗസ് പൈപ്പ് ലൈൻ നിർമ്മാണം
അടങ്കൽ -	1000000 (മെയിന്റനൻസ് ഗ്രാന്റ്- റോഡ്)
APAC-	306414/-
കരാറുകാരന്റെ പേര്	ശ്രീ.കിരൺ
എഗ്രിമെന്റ് നം.:	11/15.7.2024
ചെലവ് /ബിൽ നം.	360714/- വൗ.നം.XVFC/24-25/P/26/17.1.2025-329482/- വൗ.നം.XVFC/24-25/P/27/7.2.25-31292/-
എം.ബുക്ക് നം.	7293/2024/511
ലെറ്റർ ഓഫ് അക്സപ്റ്റൻസ് നൽകിയ തിയതി	24.5.2024
പിഴ കൂടാതെ എഗ്രിമെന്റ്	7.6.2024

വെക്കേണ്ട അവസാന തിയതി	
എഗ്രിമെന്റ് വെച്ച തിയതി	15.7.2024
ഈടാക്കേണ്ട പിഴ (1%)	3064/-

(3)

പ്രവൃത്തിയുടെ വിവരം	പ്രോ.നം. 130/25-പാടഗിരി പോലീസ് സ്റ്റേഷൻ റോഡ് കോൺക്രീറ്റ്
അടങ്കൽ -	700000/- (CFC)
APAC-	520413/-
കരാറുകാരന്റെ പേര്	ശ്രീ.ദേവദാസൻ
എഗ്രിമെന്റ് നം.:	02/Dt.6.7.24
ചെലവ് /ബിൽ നം.	603571/- വൗ.നം.XVFC/24-25/P/15/5.12.24
ലെറ്റർ ഓഫ് അക്സപ്റ്റൻസ് നൽകിയ തിയതി	15.5.2024
പിഴ കൂടാതെ എഗ്രിമെന്റ് വെക്കേണ്ട അവസാന തിയതി	29.5.2024
എഗ്രിമെന്റ് വെച്ച തിയതി	6.7.2024
ഈടാക്കേണ്ട പിഴ (1%)	5204/-

മതിയായ പിഴ തുക 15733/- രൂപ (5204+3064+7465) ഈടാക്കാതെ കരാറുകാർക്ക് ഫൈനൽ ബിൽ നൽകിയതിന് കാരണം അറിയിക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.15/12.1.2026) മറുപടി നൽകിയിട്ടില്ല. കരാറുകാരിൽ നിന്നും പിഴ തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായിരിക്കുന്നതാണ്.

1-28 പ്രവർത്തി പൂർത്തീകരണം - സമയം ദീർഘിപ്പിച്ച് നൽകിയതിന് ഫൈൻ ഈടാക്കിയിട്ടില്ല.

2012 ലെ ജി.ഒ.(പി) 13/2012/PWD/01.02.2012 നമ്പറായുള്ള കേരള പി.ഡബ്ള്യു.ഡി മാന്വലിലെ സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് ആ കാലാവധി വരെ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല. കരാർ കാലാവധി തീരുന്നതിനു മുമ്പ് കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതും ആയത് നിർവ്വഹണോദ്യോഗസ്ഥന്റെ ശുപാർശയോടെ

ഭരണസമിതി തീരുമാനത്തോടെ ഫൈൻ ഈടാക്കി ദീർഘിപ്പിക്കാവുന്നതാണ്. എന്നാൽ ഇതു സംബന്ധിച്ച് നടപടിക്രമങ്ങളുടെ രേഖകൾ അപൂർണ്ണമാണ്. പൂർത്തീകരണ കാലാവധിക്കു ശേഷം നിർവ്വഹിച്ച പ്രവൃത്തികൾ അനധികൃതമാണ്.

മാനുവലിലെ ഖണ്ഡിക 2112.1 പ്രകാരം പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റേതായ കാരണങ്ങളാൽ ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. മേൽ ഉത്തരവു പ്രകാരം കാലാവധി ദീർഘിപ്പിക്കുന്നതിന്ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് (അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ്) പിഴ പി.എ.സിയുടെ 1% (കുറഞ്ഞത് 1000 രൂപ കൂടിയത് 50000 രൂപ), ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% (കുറഞ്ഞത് 2000 രൂപ കൂടിയത് 100000 രൂപ) എന്നിങ്ങനെ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ പിഴ ഈടാക്കാതെയാണ് തുക അനുവദിച്ചിട്ടുള്ളത്. വിശദ വിവരം ചുവടെചേർക്കുന്നു.

(1)

ക്രമ നം.	പ്രവൃത്തിയുടെ വിവരം	94/25- ചന്ദ്രാമല മട്ടത്തുപാടി ഡ്രൈനേജ് നവീകരണം (സ്ലിൽ ഓവർ)
1	അടങ്കൽ -	341000/- CFC
2	PAC	262311/-
3	കരാറുകാരൻ -	ശ്രീ.ശിവദാസൻ
4	കാലാവധി	8 മാസം
5	എഗ്രിമെന്റ് നം.:	18/9.9.2024
6	സൈറ്റ് കൈമാറിയ തിയതി	4.6.2023
7	ബിൽ നം./തുക	337410/- വൗ.നം.XVFC/24-25/P/35/3.3.25-306900/- വൗ.നം.XVFC/24-25/P/15/18.3.25-30510/-
8	പൂർത്തീകരിക്കേണ്ട തീയ്യതി:	3.2.2024
9	പൂർത്തീകരിച്ച തീയ്യതി	10.9.2024
10	ഈടാക്കേണ്ടത് (3%)	7869/-
11	ഈടാക്കിയത്	0
12	ബാക്കി	7869/-

(2)

ക്രമ നം.	പ്രവൃത്തിയുടെ വിവരം	85/25- പുല്ലാല ഡ്രൈനേജ് നിർമ്മാണം-

1	അടങ്കൽ -	330000/- CFC
2	PAC-	254056/-
3	കരാറുകാരൻ -	ശ്രീ.ഉണ്ണികൃഷ്ണൻ
4	കാലാവധി	8 മാസം
5	എഗ്രിമെന്റ് നം.:	22/27.5.23
6	സൈറ്റ് കൈമാറിയ തിയതി	6.6.23
7	ബിൽ നം./ചെലവ് തുക	വൗ.നം. XVFC/2024-25/P/2/Dt.27.9.24-289460/-
8	പൂർത്തീകരിക്കേണ്ട തീയ്യതി:	5.2.2024
9	പൂർത്തീകരിച്ച തീയ്യതി	25.7.2024
10	ഈടാക്കേണ്ടത് (3%)	7622/-
11	ഈടാക്കിയത്	0
12	ഈടാക്കാൻ ബാക്കിയുള്ളത്	7622/-

പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള കരാറുകാരന്റെ അപേക്ഷ ഇല്ല. അസിസ്റ്റന്റ് എഞ്ചിനയറുടെ ശുപാർശയോടെയുള്ള ഭരണസമിതി തീരുമാനം ഇല്ല.

(3)

ക്രമ നം.	പ്രവൃത്തിയുടെ വിവരം	90/25-പുലയമ്പാറ ടൗൺ ഡ്രൈനേജ് നിർമ്മാണം
1	അടങ്കൽ -	2000000/- CFC
2	PAC-	1574437/-
3	കരാറുകാരൻ -	ശ്രീ.ദേവദാസൻ
4	കാലാവധി	8 മാസം
5	എഗ്രിമെന്റ് നം.:	30/6.2.2024
6	സൈറ്റ് കൈമാറിയ തിയതി	14.2.2024
7	ബിൽ നം./ചെലവ് തുക	1625415/- വൗ.നം. XVFC/2024-25/P/4/Dt.15.10.24-1100000/- വൗ.നം. XVFC/2024-25/P/5/Dt.15.10.24-525415/-
8	പൂർത്തീകരിക്കേണ്ട തീയ്യതി:	13.10.2024
